എണ്ണമില്ല് നടത്തുന്ന മാനേജർ ചക്കാലൻതന്നെ. അയാൾക്ക പണമുണ്ട്; പക്ഷേ, അയാളുടെ ശക്തി അറിവാണ്. സത്യമായ അറിവ് നൈതികമായ ശക്തിയും പദവിയും നൽകുന്നു. അത്തരമൊരാളുടെ ഉപദേശം എല്ലാവരും തേടിച്ചെല്ലും. വിനോബയെ നോക്കുക. അദ്ദേഹം നല്ല ഒരു ചക്കാലൻ ആണ്. അദ്ദേഹം എന്തു ചെയ്യുന്നു എന്നു നിങ്ങൾക്ക് അറിയാം; അദ്ദേഹത്തിന്റെ മാതൃക നിങ്ങൾക്ക കഴിവ് അനുസരിച്ച് അനുകരിക്കുകയുംചെയ്യാം.'

ഗാന്ധിജിയുടെ വാക്കുകൾ ശ്രദ്ധിച്ചുകൊണ്ടും ചലനങ്ങൾ നിരീക്ഷിച്ചു കൊണ്ടും ഹിന്ദി പ്രചാരസഭയുടെ പരിസരങ്ങളിൽ കഴിച്ചുകൂട്ടിയ ആ നാളുകൾ, ഇന്നും എന്റെ സ്മരണയിൽ പച്ചവിടാതെ നില്ക്കുന്നു.

# 5. ഗ്രന്ഥശാലാനിയമം

ചിരപ്രതീക്ഷിതമായ ഗ്രന്ഥശാലാനിയമം കേരള നിയമസഭയുടെ പരിഗണന യിൽ ഇരിക്കുമ്പോഴാണ് ഇതു് എഴുതുന്നതു്.

ഗ്രന്ഥശാലാ സേവനം ഏർപ്പെടുത്തുന്നതും നടത്തുന്നതും സംബന്ധിച്ച് സംസ്ഥാനത്തിനു മുഴുവൻ ബാധകമായ ഒരു നിയമം ഇപ്പോൾ ഇല്ല. മലബാർ പ്രദേശത്തു പ്രാബല്യത്തിലുള്ള 1948—ലെ മദ്രാസ് പബ്ളിക് ലൈബ്രറി ആക്ട് പ്രകാരം കണ്ണൂർ, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിൽ മൂന്ന് 'ലോക്കൽ ലൈബ്രറി അതോറിററി'കളും അവയുടെ കീഴിൽ നൂററഞ്ചു് ലൈബ്രറികളും പ്രവർത്തിച്ചുവരുന്നു. മലബാർ പ്രദേശത്തുള്ള ജനങ്ങളിൽനിന്ന് 'ലൈബ്രറി സെസ്' എന്ന പേരിൽ ഒരു പ്രത്യേക നികുതി പിരിക്കുന്നുമുണ്ട്. തിരുവിതാം കൂർ കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്ത സംഘടനയായ കേരള ഗ്രന്ഥശാലാ സംഘത്തിന്റെ നേതൃത്വത്തിലാണ് പഴയ തിരുവിതാംകൂർ—കൊച്ചി പ്രദേശത്തു ഗ്രന്ഥാലയ പ്രവർത്തനം മുഖ്യമായും നടന്നുവരുന്നതു്. ഗ്രന്ഥശാലാ സംഘത്തെ ഇപ്പോൾ നിയന്ത്രിക്കുന്നതു് ഗവണ്മെൻറാണ്. നാലായിരത്തിലേറെ ലൈബ്രറി കൾ ഗ്രന്ഥശാലാസംഘവുമായി അഫിലിയേററ് ചെയ്യപ്പെട്ടിരിക്കുന്നു. പഴയ തിരുവിതാംകൂർ—കൊച്ചി പ്രദേശത്തു ജനങ്ങളിൽനിന്ന് ലൈബ്രറി സെസ് പിരിച്ചെടുക്കുന്നില്ല.

ഗ്രന്ഥാലയങ്ങൾ സ്ഥാപിക്കുന്നതിനും നടത്തുന്നതിനും ഗ്രാമങ്ങളിലും നഗര ങ്ങളിലും ഗ്രന്ഥശാലാസേവനം സമഗ്രമായി സംഘടിപ്പിക്കുന്നതിനും വികസി പ്പിക്കുന്നതിനും വേണ്ടി സംസ്ഥാനത്തിനു മുഴുവൻ ബാധകമായ ഒരു ഗ്രന്ഥശാലാ നിയമം നിർമിക്കുവാനുള്ള ശ്രമം 1977—ലും 1985—ലും നടക്കുകയുണ്ടായി. ഈ ശ്രമത്തിന്റെ പൂർത്തീകരണമാണ് ഇപ്പോൾ നിയമസഭയുടെ മുമ്പിലുള്ള '1989—ലെ കേരള പബ്ളിക് ലൈബ്രറി ബിൽ'.

അറുപത്താറ് അംഗങ്ങളുള്ള ഒരു സ്റ്റേററ് ലൈബ്രറി കൗൺസിൽ, അതിനു് ഇരുപത്തഞ്ചു് അംഗങ്ങളുള്ള ഒരു എക്സിക്യൂട്ടീവ് കമ്മിററി, ജില്ലതോറും ഡിസ്ട്രി ക്ട് ലൈബ്രറി കൗൺസിലുകൾ, താലൂക്കുതോറും താലൂക്ക് ലൈബ്രറി യൂണി യനുകൾ——സംസ്ഥാനത്തിലെ ഗ്രന്ഥശാലാസേവനത്തിനു ഗ്രന്ഥശാലാനിയമം വിഭാവനംചെയ്യുന്ന സംഘടനാരൂപം ഇതാണ്. ഇവയ്ക്കു പുറമെ ഓരോ ഗ്രന്ഥശാല യ്ക്കും അതിന്റേതായ നിർവഹണസമിതിയും ഉണ്ടായിരിക്കുമല്ലോ. അങ്ങനെ ബില്ല് നിയമമായിക്കഴിഞ്ഞാൽ കേരളത്തിലെ ഗ്രന്ഥശാലാസംവിധാനത്തിനു് നാലു വ്യത്യസ്ത തലങ്ങളുണ്ടായിരിക്കും.

ഗ്രന്ഥശാലാ നിയമത്തിന്റെ പരിധിയിൽപ്പെടുന്ന ഭരണനിർവഹണ കാര്യ ങ്ങളിൽ സർക്കാരിനെ ഉപദേശിക്കുക, ഡിസ്ട്രിക്ട് ലൈബ്രറി കൗൺസിലുകളു ടെയും താലൂക്ക് ലൈബ്രറി യൂണിയനുകളുടെയും പ്രവർത്തനം ഏകോപിപ്പി

ക്കക, ഗ്രന്ഥശാലാസേവനം സംബന്ധിച്ച കാര്യങ്ങളിൽ മേൽനോട്ടം വഹിക്കുകയും നിർദേശങ്ങൾ നൽകുകയുംചെയ്യുക, സ്റ്റേററ് ലൈബ്രറികൾ സ്ഥാപിച്ച നടത്തുക, ഉദ്യോഗസ്ഥന്മാരെ നിയമിക്കുക, ഗ്രന്ഥശാലകളുടെ പ്രാധാന്യത്തെപ്പററി പ്രചാരണം നടത്തുക, ലൈബ്രേറിയന്മാർക്ക പരിശീലനം നൽകുക, വിദൂര വിദ്യാഭ്യാസം, വയോജനവിദ്യാഭ്യാസം, നിരക്ഷരതാ നിർമാർജനം എന്നിവയ്ക്കുവേണ്ടി പ്രവർത്തിക്കുക, സാംസ്കാരികപ്രാധാന്യമുള്ള രേഖകളും മററും ശേഖരിച്ച സംരക്ഷിക്കുക, സ്റ്റേററ് ലൈബ്രറികൾക്ക പുസ്തകങ്ങളും മററ് ഉപകരണങ്ങളും നൽകുക എന്നിവയാണ് സ്റ്റേററ് ലൈബ്രറി കൗൺസിലിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ. ഏറെക്കറെ സമാനങ്ങളായ അധികാരങ്ങൾ ജില്ലാ ലൈബ്രറി കൗൺസിലുകൾക്കും താലൂക്ക് ലൈബ്രറി യൂണിയനുകൾക്കും നിർദേശിക്കപ്പെട്ടിരിക്കുന്നു. ഈ മൂന്നു സ്ഥാപനങ്ങളുടെയും ഘടന ജനാധിപത്യപരമായിരിക്കാനും നിഷ്കർഷിച്ചിട്ടുണ്ട്.

ആണ്ടുതോറും ബജററിൽ വിദ്യാഭ്യാസത്തിനായി വകകൊള്ളിച്ചിട്ടുള്ള തുകയുടെ ഒരു ശതമാനത്തിൽ കവിയാത്ത ഒരു തുക സ്റ്റേററ് ലൈബ്രറി കൗൺസിലിന് ഗ്രാൻറായി സർക്കാർ നൽകണമെന്ന് ബില്ലിലെ 30–ാം വകുപ്പിൽ നിർദേശിച്ചിരിക്കുന്നു. ഇതിനു പുറമെ വ്യക്തികളിൽനിന്നോ സ്ഥാപനങ്ങളിൽനിന്നോ സംഭാവനകൾ സ്വീകരിക്കാനും സ്റ്റേററ് ലൈബ്രറി കൗൺസിലിന് അധികാരം നൽകപ്പെട്ടിരിക്കുന്നു. സ്റ്റേററ് ലൈബ്രറി കൗൺസിൽ, ഡിസ്ട്രിക്ട് ലൈബ്രറി കൗൺസിലുകൾ, താലൂക്ക് ലൈബ്രറി യൂണിയനുകൾ എന്നിവയുടെ എല്ലാ ചെലവുകളും ഇതുകൊണ്ടു വേണം നിർവഹിക്കാൻ.

കേരള ഗ്രന്ഥശാലാസംഘത്തിനും മൂന്നു ലോക്കൽ ലൈബ്രറി അതോറിററികൾക്കുംവേണ്ടി 1988–89–ലെ ബജററിൽ വകകൊള്ളിച്ചിരുന്നത് 1,02,76,300 (ഒരുകോടി രണ്ടു ലക്ഷത്തി എഴുപത്താറായിരത്തി മുന്നൂറ്) രൂപയാണ്. 'ബജററിൽ കാണിച്ച വിദ്യാഭ്യാസച്ചെലവിൻെറ ഒരു ശതമാനത്തിൽ കവിയാത്ത ഒരു തുക' എന്നതുകൊണ്ട് ബില്ലിൽ ഉദ്ദേശിച്ചിട്ടുള്ളത് ഏറെക്കറെ ഇതിനോടടുത്ത ഒരു തുകതന്നെയാണ്. 'കേരള ഗ്രന്ഥശാലാസംഘവും ലോക്കൽ ലൈബ്രറി അതോറിററികളും നിർത്തലാക്കിക്കൊണ്ടും തിരുവനന്തപുരം പബ്ളിക് ലൈബ്രറി സ്റ്റേററ് ലൈബ്രറിയായി മാററിക്കൊണ്ടും ഒരു പരിധിവരെ ഈ ചെലവു തട്ടിക്കിഴിക്കാവുന്നതാണ്'' എന്ന ബില്ലിനോടനുബന്ധിച്ച ചേർത്ത ധനകാര്യ മെമ്മോറാണ്ടത്തിലെ പ്രസ്താവനയുടെ അർത്ഥം ഇതാകുന്നു.

സ്റ്റേററ് ലൈബ്രറി കൗൺസിൽ, ഡിസ്ട്രിക്ട് ലൈബ്രറി കൗൺസിലുകൾ, താലൂക്ക് ലൈബ്രറി യൂണിയനുകൾ എന്നിവയുടെ ഭരണച്ചെലവിന് ഈ തുക പര്യാപ്തമാവുമെന്നാണ് ബില്ല് തയ്യാറാക്കിയവർ കരുതുന്നത്. 'ഭരണച്ചെലവ് സംസ്ഥാനബജററിൽ ഓരോ വർഷവും വിദ്യാഭ്യാസത്തിനു വകയിരുത്തിയിട്ടുള്ള തുകയുടെ ഒരു ശതമാനത്തിൽ കൂടുതലാവുകയില്ല' എന്ന് ധനകാര്യ മെമ്മോറാണ്ടത്തിൽ വ്യക്തമായിത്തന്നെ പറയുന്നുണ്ട്.

മലബാർ പ്രദേശത്തു നിലനിൽക്കുന്ന ലൈബ്രറി സെസ് നിർത്തലാക്കുവാനാണ് ഗവണ്മെൻറ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ, ചർച്ചയ്ക്കിടയിൽ ഭരണകക്ഷിയിലും പ്രതിപക്ഷത്തുമുള്ള നിയമസഭാംഗങ്ങൾ ആവശ്യപ്പെട്ടതിനെത്തുടർന്ന് കെട്ടിടനികുതിയിലോ വസ്തുനികുതിയിലോ രൂപയ്ക്ക് അഞ്ചു പൈസ എന്ന തോതിൽ ലൈബ്രറി സെസ് സ്റ്റേററിലാകെ പിരിച്ചെടുക്കാൻ പിന്നീടു തീരുമാനിച്ചിട്ടുണ്ട്. ഒരാണ്ടിൽ ഇങ്ങനെ എത്ര പണം പിരിച്ചെടുക്കാൻ കഴിയുമെന്നതു സംബന്ധിച്ച കണക്കുകളൊന്നും കാണുകയുണ്ടായില്ല.

ഇതിനർത്ഥം, സ്റ്റേററ് ലൈബ്രറി ഫണ്ടിൽ നിക്ഷിപ്തമാകുന്ന തുക ഏറെക്കറെ ഭരണച്ചെലവിനേ ഉണ്ടാവുകയുള്ളൂവെന്നും ഗ്രന്ഥശാലകളുടെ കെട്ടിടങ്ങളും മററും നിർമിക്കുന്നതിനും പുസ്തകങ്ങളും ഉപകരണങ്ങളും മററും വാങ്ങുന്നതിനും വേണ്ട പണം സംഭാവനയായോ അംഗങ്ങളിൽനിന്നു വരിസംഖ്യയായോ പിരിച്ചെടുക്കേണ്ടിവരുമെന്നുമാണ്. ലൈബ്രറികളിൽ പൊതുവെ ജനങ്ങളുടെ പ്രവേശ

നത്തിന് യാതൊരു ഫീസും ചുമത്താൻ പാടില്ലെന്ന് (40.2.എ) ബില്ലിൽ പറയുന്നുണ്ടെങ്കിലും ലൈബ്രറിയിൽനിന്നു പുസ്തകം എടുത്തു വീട്ടിൽ കൊണ്ടു പോകുന്നതിന് പൊതുജനങ്ങളിൽനിന്നു ഡെപ്പോസിററ് എന്ന പേരിലോ വരിസംഖ്യയെന്ന പേരിലോ പണം ഈടാക്കുന്ന സമ്പ്രദായം തുടരുമെന്നാണ് കരുതേണ്ടതു്.

ഗ്രന്ഥശാല സേവന സംവിധാനത്തിന്റെ ഭരണച്ചെലവു കുറയ്ക്കാനും പുസ്തകങ്ങൾ വാങ്ങുന്നതിനുവേണ്ടി വരുമാനം വർധിപ്പിക്കാനുമുള്ള മാർഗങ്ങളെപ്പററി ചർച്ച ചെയ്യേണ്ടതു് ഈ പശ്ചാത്തലത്തിൽ ആവശ്യമായിത്തീരുന്നു.

നാലു തലങ്ങളുള്ള വിപുലമായ ഒരു ഭരണസംവിധാനം സ്റ്റേററിലെ ഗ്രന്ഥശാലാ സേവനത്തിന് അനുപേക്ഷണീയമാണോ? ഓരോ ഗ്രന്ഥശാലയ്ക്കും ഓരോ പ്രാദേശിക ഭരണസമിതിയും ഈ സമിതികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു സ്റ്റേററ് ലൈബ്രറി കൗൺസിലും മാത്രമല്ലേ യഥാർത്ഥത്തിൽ വേണ്ടതുള്ളൂ? സ്റ്റേററ് കൗൺസിലിലെ രണ്ടോ മൂന്നോ അംഗങ്ങളെ ഓരോ ജില്ലയിലെയും പ്രവർത്തനത്തിന് പ്രത്യേകം ചുമതലപ്പെടുത്താവുന്നതല്ലേ? ഓരോ താലൂക്കിലും വെവ്വേറെ ലൈബ്രറി യൂണിയൻ ഉണ്ടാകുന്നതുകൊണ്ടു് കുറെ ആളുകളുടെ പദവി മോഹം തൃപ്തിപ്പെടുത്തുന്നതിലുപരി എന്തു പ്രയോജനമാണു നിറവേററാനുള്ളതു്? അജാഗളസ്തനപ്രായങ്ങളായ ഡിസ്ട്രിക്ട് കൗൺസിലുകളും താലൂക്ക് യൂണിയനുകളും വേണ്ടെന്നുവെച്ചു് അവയുടെ ഭരണച്ചെലവായി ഉദ്ദേശിക്കപ്പെട്ട തുകകൂടി ഗ്രന്ഥശാലകൾക്ക പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള സഹായധനമായി നൽകുകയല്ലേ വേണ്ടതു്?

ഗ്രന്ഥശാലാ സേവനത്തിനു ബില്ലിൽ നിർദേശിക്കുന്നതു് വിദ്യാഭ്യാസത്തിനുവേണ്ടി ബജററിൽ വകയിരുത്തിയ തുകയുടെ ഒരു ശതമാനത്തിൽ കവിയാത്ത ഒരു തുകയാണല്ലോ. അനൗപചാരിക വിദ്യാഭ്യാസത്തിന് നൽകപ്പെടുന്ന വർദ്ധമാനമായ പ്രാധാന്യം കണക്കിലെടുത്തു് ഈ തുക വിദ്യാഭ്യാസച്ചെലവിന്റെ അഞ്ചു ശതമാനമായെങ്കിലും വർദ്ധിപ്പിക്കേണ്ടതാണ്. വിദ്യാഭ്യാസച്ചെലവിന്റെ പത്തു ശതമാനം ഗ്രന്ഥശാലാ പ്രവർത്തനത്തിനായി നീക്കിവെക്കണമെന്നാണ് ദേശീയ പുസ്തക കൗൺസിൽ നിർദേശിച്ചിരുന്നതെന്ന വസ്തുത ഇവിടെ ഓർക്കേണ്ടതുണ്ടു്. ഏതായാലും ബില്ലിൽ ഇപ്പോൾ ഗ്രന്ഥശാലാ പ്രവർത്തനത്തിനു നിർദേശിച്ച തുക തുലോം അപര്യാപ്തമാണെന്നും ഈ തുക ഗണ്യമായി ഉയർത്താത്ത പക്ഷം, ഗ്രന്ഥശാലാ നിയമം നടപ്പിൽവന്നാലും സ്റ്റേററിലെ ഗ്രന്ഥശാലാ സേവനത്തിന്റെ നിലവാരം ഇന്നത്തെ തോതിൽ അത്യന്തം ശോചനീയമായിത്തന്നെ തുടരുകയേ ഉള്ളൂ എന്നും ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു.

ബജററിൽ സർക്കാർ നീക്കിവെക്കുന്ന തുകയ്ക്കു പുറമെ ലൈബ്രറി സെസ് ആയി പിരിച്ചെടുക്കുന്ന തുക സ്വന്തം അധികാരപരിധിക്കകത്തു് അതാതു് ആണ്ടിൽ ഗ്രന്ഥശാലാ സേവനത്തിനായി ചെലവഴിക്കാൻ പ്രാദേശിക ഭരണസ്ഥാപനങ്ങളെ അധികാരപ്പെടുത്തേണ്ടതാണ്.

തിരുവനന്തപുരത്തെ പബ്ലിക് ലൈബ്രറി അടക്കം ഒന്നോ അധികമോ സ്റ്റേററ് ലൈബ്രറികൾ സ്ഥാപിക്കുന്നതിനെപ്പററി ബില്ലിൽ പ്രസ്താവിക്കുന്നുണ്ടു്. എന്നാൽ, മലയാളത്തിൽ അച്ചടിക്കുന്ന എല്ലാ രേഖകളും അതാതു കാലത്തു ശേഖരിച്ചു് ഗവേഷണത്തിനും വരാനിരിക്കുന്ന തലമുറകളുടെ ഉപയോഗത്തിനുമായി സംരക്ഷിക്കുന്ന ഒരു 'സ്റ്റേററ് ഡെപ്പോസിററ് ലൈബ്രറി' ഈ നിയമം തയ്യാറാക്കിയവരുടെ ശ്രദ്ധയിൽ പെട്ടിട്ടില്ല. അച്ചടിക്കുന്ന എല്ലാ രേഖകളും ഇന്ത്യയിലെ നാലു ദേശീയ ഗ്രന്ഥാലയങ്ങളിലേക്ക് അയച്ചു കൊടുക്കണമെന്നു നിയമമുണ്ടെങ്കിലും ഈ നിയമം വളരെ കുറച്ചുപേർ മാത്രമേ ഇപ്പോൾ പാലിക്കുന്നുള്ളൂ. അയച്ചുകിട്ടുന്ന പ്രാദേശികഭാഷാഗ്രന്ഥങ്ങളും രേഖകളും വകതിരിച്ചു സംരക്ഷിക്കുന്നതിനുള്ള സംവിധാനം ഒരു ദേശീയ ഗ്രന്ഥാലയത്തിലും ഇല്ലതാനും. ഇതിന്റെ ഫലം ഇന്നു പ്രാദേശികഭാഷകളിൽ അച്ചടിച്ചിറക്കുന്ന

പല പുസ്തകങ്ങളും രേഖകളും ഏതാനും വർഷങ്ങൾക്കകം തീരെ അലഭ്യങ്ങളായിത്തീരുമെന്നതാണ്.

കേരളത്തിൽ അച്ചടിക്കുന്ന എല്ലാ പുസ്തകങ്ങളും രേഖകളും ഇപ്പോൾ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെൻറിന് അയച്ചുകൊടുക്കണമെന്നുണ്ട്. വേണമെങ്കിൽ കേരളത്തിൽ അച്ചടിക്കുന്ന എല്ലാ പുസ്തകങ്ങളുടെയും ആനുകാലികങ്ങളുടെയും മററു രേഖകളുടെയും രണ്ടോ നാലോ പ്രതികൾ സർക്കാരിനു സൗജന്യമായി അയച്ചുകൊടുക്കണമെന്ന ഒരു വകുപ്പുകൂടി ഗ്രന്ഥശാലാനിയമത്തിൽ ഉൾപ്പെടുത്താവുന്നതേയുള്ളു. തിരുവനന്തപുരത്തെ പബ്ലിക് ലൈബ്രറി അടക്കം ചുരുങ്ങിയതു രണ്ടു ലൈബ്രറികളെയെങ്കിലും 'ഡിപ്പോസിററ് ലൈബ്രറി'കളായി പ്രഖ്യാപിക്കാവുന്നതും അവയിൽ ഇങ്ങനെ കിട്ടുന്ന പുസ്തകങ്ങളും ആനുകാലികങ്ങളും രേഖകളും സൂക്ഷിക്കാൻ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതുമാണ്. സാമൂഹ്യശാസ്ത്രങ്ങളിൽ ഗവേഷണത്തിന് ഇത്തരം ഡെപ്പോസിററ് ലൈബ്രറികൾ എത്രമാത്രം അനുപേക്ഷണീയങ്ങളാണെന്നു പറയേണ്ടതില്ല.

കേരളത്തിൽ ലഭ്യമായ ഗ്രന്ഥശാലാ വിഭവങ്ങൾ സമാഹരിച്ച് ഗൗരവപൂർണമായ പഠനത്തിൽ ഏർപ്പെട്ട ഏതൊരാൾക്കും സ്വന്തം താമസസ്ഥലത്തിനടുത്തു് ലഭ്യമാക്കുന്നതിനുള്ള നിർദേശമൊന്നും ഗ്രന്ഥശാലാനിയമത്തിലില്ല. യഥാർത്ഥത്തിൽ ഇന്നു നിലവിലുള്ള തുലോം അപര്യാപ്തമായ ഗ്രന്ഥാലയസേവനം അല്പംകൂടി മെച്ചപ്പെടുത്തുകയെന്ന പരിമിതമായ ലക്ഷ്യമേ ഈ ബില്ലിനുള്ളു. ആധുനിക പരിസ്ഥിതികൾക്ക് അനുയോജ്യമായ വിധത്തിൽ ശാസ്ത്രീയവും പരിഷ്കൃതവുമായ ഒരു ഗ്രന്ഥശാലാസംവിധാനത്തെപ്പററി വിദഗ്ധർ കൂടിയാലോചിക്കുകയും സമഗ്രമായ ഒരു പരിപാടി ആവിഷ്കരിക്കുകയുംചെയ്യുന്നതു കൊള്ളാം. കാലക്രമത്തിലെങ്കിലും ഇത്തരമൊരു പരിപാടിയിൽ ജനങ്ങൾക്കു താല്പര്യം ഉണ്ടാവാതിരിക്കുമോ?

# 6. ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്

പ്രീഡിഗ്രി പരീക്ഷ നടത്തുന്നതിൻെറ ബാധ്യത സർവകലാശാലകളിൽ നിന്നെടുത്തു പുതുതായി രൂപവൽകരിക്കപ്പെടുന്ന ഒരു പ്രീഡിഗ്രി ബോർഡിനു നൽകുവാൻ 1986 മെയ് 15-ാം തീയതി കേരള ഗവൺമെൻറ് തീരുമാനിക്കുകയുണ്ടായി. ഇതിന് ഏതാനും ദിവസം മുമ്പ് പാർലമെൻറ് അംഗീകരിച്ച ദേശീയ വിദ്യാഭ്യാസനയത്തിൽ അഞ്ചു വർഷത്തെ പ്രൈമറി ഘട്ടവും മൂന്നു വർഷത്തെ അപ്പർ പ്രൈമറി ഘട്ടവും അടക്കം എട്ടു വർഷം നീണ്ട പ്രാഥമിക വിദ്യാഭ്യാസവും, രണ്ടു വർഷത്തെ സെക്കണ്ടറി ഘട്ടവും രണ്ടു വർഷത്തെ ഹയർ സെക്കണ്ടറി ഘട്ടവും അടക്കം നാലു വർഷം നീണ്ട മാധ്യമിക വിദ്യാഭ്യാസവും, മൂന്നു വർഷം നീണ്ട സർവകലാശാലാ വിദ്യാഭ്യാസവും ശുപാർശചെയ്യപ്പെട്ടിരുന്നു.

ദേശീയ വിദ്യാഭ്യാസനയം അതേപടി നടപ്പിലാക്കുവാൻ കേരള ഗവൺമെൻറ് ഉദ്ദേശിച്ചിരുന്നതായി തോന്നുന്നില്ല. ആ ഉദ്ദേശ്യം ഗവൺമെൻറിനുണ്ടായിരുന്നെങ്കിൽ ആദ്യം ചെയ്യേണ്ടതു് ദേശീയ വിദ്യാഭ്യാസനയത്തിൽ നിർദേശിച്ചതനുസരിച്ച് പ്രാഥമിക വിദ്യാഭ്യാസത്തെ എട്ടു വർഷം നീണ്ട, സ്വയം പൂർണമായ, സർവജനീയ വിദ്യാഭ്യാസപദ്ധതിയായി വികസിപ്പിക്കുകയായിരുന്നു. പടുത്തുകെട്ടേണ്ടതു് അടിയിൽനിന്നല്ലേ?

പകരം ഗവൺമെൻറ് പരിഗണിച്ചതു്, ഏഴാം പദ്ധതിക്കാലത്തു മുന്നൂറു ഹൈസ്കൂളുകളെ പ്രീഡിഗ്രി ക്ലാസ്സുകൾകൂടി ഉൾപ്പെടുത്തി ഹയർ സെക്കണ്ടറി സ്കൂളുകളായി വികസിപ്പിക്കുവാനുള്ള ഒരു പരിപാടിയാണു്. സെക്കണ്ടറി ഘട്ടത്തിൽ വിദ്യാർത്ഥികൾക്കു തൊഴിൽ പരിശീലനം കാര്യക്ഷമമാക്കുന്നതിനു്